**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2151** **11-10-2021 - ൽ മറുപടിയ്ക്ക്**

**നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പിനുള്ള അവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന് പുറത്തേക്ക് പോയി വിദേശ മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വിദേശ മെഡിക്കൽ ബിരുദ പരീക്ഷ പാസായതിനുശേഷം ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ നിന്ന് താൽക്കാലിക രജിസ്ട്രേഷൻ ലഭ്യമാക്കിയ എത്ര വിദ്യാർഥികളിൽ നിന്നും നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പിനുള്ള അപേക്ഷ 2020-21 വർഷക്കാലയളവിൽ ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | 2020-21 വർഷ കാലയളവിൽ നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പ് നൽകിവരുന്ന ആശുപത്രികളിൽ ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം 283 കൊല്ലം 281 ആലപ്പുഴ 132 കോട്ടയം 130 എറണാകുളം 455 തൃശ്ശൂർ 372 പാലക്കാട് 125 കോഴിക്കോട് 40 കണ്ണൂർ 102 ആകെ 1920 |
| (ബി) | മേൽപ്പറഞ്ഞ അപേക്ഷകരിൽ എത്ര വിദ്യാർഥികളെ നാളിതുവരെ നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പിൽ പങ്കെടുപ്പിച്ചിട്ടുണ്ട്; ഇപ്രകാരം അപേക്ഷ സമർപ്പിച്ചതിൽ യോഗ്യരായ എല്ലാവർക്കും സി.ആർ.ആർ.ഐ. ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന് ആരോഗ്യ വകുപ്പിന് സാധിക്കുമോ; എങ്കിൽ എത്ര സമയപരിധിക്കുള്ളിൽ സാധിക്കും എന്നത് വ്യക്തമാക്കുമോ; | (ബി) | നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷിപ്പിൽ പങ്കെടുപ്പിച്ച വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം 166 കൊല്ലം 150 ആലപ്പുഴ 50 കോട്ടയം 40 എറണാകുളം 116 തൃശ്ശൂർ 100 പാലക്കാട് 37 കോഴിക്കോട് 05 കണ്ണൂർ 32 ആകെ 696 സി.ആർ.ആർ.ഐ.-യിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിൽ യോഗ്യരായ എല്ലാവർക്കും നിലവിൽ സി.ആർ.ആർ.ഐ. ചെയ്യുന്നതിനുള്ള അവസരം നൽകുന്നുണ്ട്. എന്നാൽ നിലവിൽ സി.ആർ.ആർ.ഐ.-യ്ക്ക് അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണത്തിന് അനുസരിച്ചാണ് അവസരം നൽകി വരുന്നത്. ആരോഗ്യവകുപ്പിനു കീഴിൽ ജില്ലാ/ജനറൽ ആശുപത്രികളിൽ സീറ്റ് വർദ്ധിപ്പിക്കുന്നതിനും, പുതിയതായി കൂടുതൽ ആശുപത്രികളിൽ സി.ആർ.ആർ.ഐ.-സംവിധാനം ഒരുക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്. |
| (സി) | മുഴുവൻ അപേക്ഷകർക്കും നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പിനുള്ള അവസരം നൽകുവാൻ സാധിക്കാത്തപക്ഷം അതിന് | (സി) | ആരോഗ്യവകുപ്പിന്റെ കീഴിൽ നിലവിൽ നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പ് നൽകുന്ന ആശുപത്രികളിലെ സീറ്റ് വർദ്ധിപ്പിക്കുന്നതിനും, പുതിയതായി കൂടുതൽ |

| | | | |
|---|---|---|---|
| | കണ്ടെത്തിയിട്ടുള്ള പരിഹാരമാർഗം എന്താണെന്ന് വ്യക്തമാക്കുമോ; | | ആശുപത്രികളിൽ നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പ് ആരംഭിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്. |
| (ഡി) | നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പിൽ പങ്കെടുക്കുവാൻ അപേക്ഷകർ ഒന്നു മുതൽ മൂന്നു വർഷം വരെ കാത്തിരിക്കേണ്ടി വരുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ആരോഗ്യവകുപ്പിന്റെ കീഴിൽ നിലവിൽ നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പ് നൽകുന്ന ആശുപത്രികളിലെ സീറ്റ് വർദ്ധിപ്പിക്കുന്നതിനും, പുതിയതായി കൂടുതൽ ആശുപത്രികളിൽ നിർബന്ധിത റൊട്ടേറ്ററി റെസിഡൻഷ്യൽ ഇന്റേൺഷിപ്പ് ആരംഭിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ